ഊർജ്ജിത നിക്ഷേപ സമാഹരണ കാലാവധി ഒക്ടോബർ 31-ന് അവസാനിക്കുന്നതാണ്. ഇതിനകം 75 കോടി രൂപയിൽ കൂടുതൽ സമാഹരിച്ചതായി ജില്ലകളിൽ നിന്നുള്ള കണക്കുകൾ സൂചിപ്പിക്കുന്നു.

(ബി) സമ്മാനത്തിനായി ഇതുവരെ ഒരു തുകയും ചെലവഴിച്ചിട്ടില്ല. 5 ലക്ഷം രൂപയുടെ ചെലവാണ് ഈയിനത്തിൽ പ്രതീക്ഷിക്കുന്നത്.

ജാതിക്കാ-ജാതിപത്രി ഇറക്കുമതി ചുങ്കം കുറയ്ക്കാൻ നടപടി

634. [857] ശ്രീ. കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജാതിക്കാ-ജാതിപത്രി എന്നിവയുടെ ഇറക്കുമതി ചുങ്കം കുറവു ചെയ്യുമെന്ന കേന്ദ്ര ധനകാര്യമന്ത്രിയുടെ പ്രസ്താവന ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിലയിടിവിനെ നേരിട്ടു തകർത്തുകൊണ്ടിരിക്കുന്ന ജാതി കൃഷിക്കാരെ ഇതു കൂടുതൽ തകർക്കുന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) ഇതിനെതിരായി എന്തു നടപടികൾ എടുക്കാൻ ഉദ്ദേശിക്കുന്നു ?

ഉത്തരം

(എ, ബി, സി) 17-10-1986-ലെ ഒരു പത്രവാർത്തയിൽ കവിഞ്ഞ വിശദാംശങ്ങളൊന്നും സംസ്ഥാന ഗവൺമെൻറിന്റെ പക്കലില്ല. കേന്ദ്ര ഗവൺമെൻറിൽ നിന്നു വിശദാംശങ്ങൾ ശേഖരിച്ചതിനു ശേഷം വ്യക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സെയിൽസ് ടാക്സ് അഗ്രികൾച്ചറൽ ഇൻകംടാക്സ്

635. [858] ഡോക്ടർ കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെയിൽസ് ടാക്സ് അഗ്രികൾച്ചറൽ ഇൻകംടാക്സ് ഈ ഇനങ്ങളിൽ 1986 മാർച്ച് മുതൽ ഒക്ടോബർ 15 വരെ എന്തു തുക പിരിഞ്ഞുകിട്ടി ; ജില്ലാടിസ്ഥാനത്തിൽ എത്ര വീതം ;

(ബി) കഴിഞ്ഞ സാമ്പത്തികവർഷം ഈ കാലഘട്ടത്തിൽ എന്തു തുക പിരിഞ്ഞു ; ഓരോ ജില്ലയിലും എത്ര വീതം ;

(സി) മുൻ വർഷത്തേക്കാൾ കൂടുതലോ കുറവോ ; കൂടുതലാണെങ്കിൽ എത്ര ശതമാനം ; കുറവാണെങ്കിൽ എത്ര ശതമാനം ?

ഉത്തരം

(എ) കാർഷികാദായ നികുതി വിൽപ്പന നികുതി വകുപ്പ് ഓരോ മാസാവസാനത്തേയും കണക്കുകളാണ് ശേഖരിക്കാറുള്ളത്. 1986 ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 30 വരെ വിൽപ്പന നികുതിയിനത്തിൽ 211.59 കോടി രൂപയും കാർഷികാദായ നികുതിയിനത്തിൽ 6.15 കോടി രൂപയും പിരിഞ്ഞുകിട്ടിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly